മെഡിക്കൽ കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലെ പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. തിരുവനന്തപുരം പുതിയ മെഡിക്കൽ കോളേജിനും കോന്നി മെഡിക്കൽ കോളേജിനുംവേണ്ടി 108 തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഓരോ പുതിയ മെഡിക്കൽ കോളേജിനും നീക്കിവച്ചിട്ടുള്ള തുക വിവരം താഴെ ചേർക്കുന്നു :

1. മഞ്ചേരി മെഡിക്കൽ കോളേജ് - 36.25 കോടി
2. ഇടുക്കി മെഡിക്കൽ കോളേജ് - 16.25 കോടി
3. കോന്നി മെഡിക്കൽ കോളേജ് - 37.55 കോടി
4. കാസർഗോഡ് മെഡിക്കൽ കോളേജ് - 11.25 കോടി
5. തിരുവനന്തപുരം പുതിയ മെഡിക്കൽ കോളേജ് - 28 കോടി
6. വയനാട് മെഡിക്കൽ കോളേജ് - 3.5 കോടി

സംഭരണ ലിസ്റ്റിൽനിന്നും ഒഴിവാക്കിയ മരുന്നുകൾ

25 (3456) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷം ആരോഗ്യവകുപ്പ് മരുന്നു സംഭരണ ലിസ്റ്റിൽ നിന്നും 186 തരം മരുന്നുകൾ ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(ബി) ഈ മരുന്നുകൾ ഒഴിവാക്കിയതുവഴി സർക്കാരിന് എത്ര നേട്ടമാണ് ഉണ്ടായതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്ന 2011-നുശേഷമുള്ള സാമ്പത്തിക വർഷങ്ങളിലെ മരുന്നു പട്ടികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	2012-13	2013-14	2014-15	2015-16
മരുന്ന് ഇനം	518	832	771	585

2014-15 : ഇതിൽ ചില മരുന്നുകൾ വ്യാപകമായി ഉപയോഗിക്കുന്നില്ല. ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, മറ്റ് ചില മരുന്നുകൾ പല സ്ട്രെങ്തിൽ ലഭ്യമാണ് തുടങ്ങിയ കാരണങ്ങളാൽ 2014-15 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തെ മരുന്നുപട്ടിക പുനഃപരിശോധിച്ച് കാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 771 ഇനം മരുന്നുകളാക്കി നിജപ്പെടുത്തി.

2015-16 : നിലവിലുള്ള 771 ഇനം മരുന്നുകളുടെ പട്ടിക, ദേശീയ മരുന്ന് പട്ടികയ്ക്ക് അനുസരിച്ച് (National List of Essential Medicines-NLEM) പുതുക്കി നിർണ്ണയിച്ചു. അതനുസരിച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങളനുസരിച്ച് ഓരോ മരുന്നുകളും വിശദമായി വിശകലനം ചെയ്യുകയുണ്ടായി.

1. പ്രസ്തുത ഇനത്തിന്റെ വാർഷിക ഇൻഡന്റ്
2. വിതരണക്കാരെ ലഭ്യമാകാത്തതിന്റെ വിശദാംശങ്ങൾ
3. ദേശീയ അവശ്യമരുന്ന് പട്ടികയിലുള്ള (NLEM) പ്രസ്തുത മരുന്നിന്റെ സ്ഥാനം
4. മരുന്ന് പട്ടികയിൽ പ്രസ്തുത മരുന്നിന് പകരം ഉപയോഗിക്കാൻ സാധിക്കുന്ന മരുന്നിന്റെ ലഭ്യത/മരുന്നിന്റെ സ്ട്രെങ്ത് ആദിയായവ
5. മരുന്നിന് വിതരണക്കാരെ ലഭിക്കാത്തത് അതിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച തെറ്റുകളാലാണോ തുടങ്ങിയവ
6. മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള ജനറിക് മരുന്നനയം എന്നിവ.

അതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തെ മരുന്നും അനുബന്ധ ഉപകരണങ്ങളുടെയും അന്തിമ പട്ടിക 585 ആക്കി പുനർനിർണ്ണയിച്ചു.

(ബി) സംസ്ഥാനത്തെ മരുന്ന് സംഭരണം ദേശീയ അവശ്യമരുന്ന് പട്ടികയുടെ (NLEM) അടിസ്ഥാനത്തിൽ ഏകീകരിക്കുക എന്നതാണ് പ്രധാന നേട്ടമായി കരുതുന്നത്. മുൻവർഷത്തെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന മരുന്നുകളിൽ വ്യാപകമായി ഉപയോഗിക്കാത്തതും ഉപഭോഗം കുറഞ്ഞ മരുന്നുകൾ ഒഴിവാക്കുക, വാർഷിക ബഡ്ജറ്റിന് ആനുപാതികമായി മരുന്ന് സംഭരണം ക്രമീകരിക്കുക തുടങ്ങിയവയും നേട്ടങ്ങളാണ്.

വിവിധ തരത്തിലുള്ള പകർച്ചപ്പനി

26 (3457) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ തരത്തിലുള്ള പകർച്ചപ്പനിയാണ് കണ്ടെത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly